പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:173 | 27.02.2017-ൽ മറുപടിക്ക്

**ഗുണ്ടകളെ അമർച്ചചെയ്യാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി.ജോർജ്ജ് | | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ വിവിധ മേഖലകളിൽ വീണ്ടും ഗുണ്ടാവിളയാട്ടം നടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്തൊക്കെ നടപടി സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ചില ജില്ലകളിൽ ഗുണ്ടാ സംഘങ്ങളുടെ തട്ടിക്കൊണ്ടുപോകലും അക്രമസംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ വിവിധ മേഖലകളിൽ ഗുണ്ടാവിളയാട്ടം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണ്ടാ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി സാമൂഹ്യ വിരുദ്ധ പ്രവർത്തനത്തിൽ നിരന്തരം ഏർപ്പെട്ട് വരുന്നവരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും സ്റ്റേഷൻ റൗഡി ഹിസ്റ്ററി ഷീറ്റ് ആരംഭിച്ച് സൂക്ഷ്മ നിരീക്ഷണം നടത്തുകയും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടി നിയമത്തിലേയും KAAPA നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരം കരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവർ ഉൾപ്പെട്ട കേസുകളിൽ പരമാവധി ശിക്ഷ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ രഹസ്യാന്വേഷണ വിഭാഗത്തെ ഉപയോഗിച്ച് ഇത്തരം സംഘങ്ങൾ ഉയർന്ന് വരുന്നുണ്ടോ എന്ന് പരിശോധിക്കുകയും അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികളും സ്വീകരിക്കുന്നുണ്ട്. |

(ബി) കേരളത്തിലെ ജനങ്ങളുടെ സ്വൈര്യ ജീവിതം കെടുത്തുന്ന ഗുണ്ടകളെ അമർച്ച ചെയ്യാൻ പോലീസിൽ എന്തെങ്കിലും പുതിയ സെൽ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) കേരളത്തിലെ വിവിധ ജില്ലകളിൽ ഗുണ്ടകളുടെ വിളയാട്ടം അവസാനിപ്പിക്കുവാൻ ജില്ലതോറും പ്രത്യേക പോലീസ് സ്ക്വാഡ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും അമർച്ച ചെയ്യുന്നതിനുവേണ്ടി 01.11.2016-ലെ സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 8/2016 പ്രകാരം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും (SAGS) എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ